**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 541** **13-01-2021 - ൽ മറുപടിയ്ക്ക്**

**'ഇൻവെസ്റ്റ് കേരള' പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൽദോസ് പി. കുന്നപ്പിള്ളിൽ | | Shri E. P. Jayarajan<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) | |
| (എ) | നൂറ് ദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനും സമയബന്ധിതമായി സംരംഭങ്ങൾ ആരംഭിക്കുന്നതിനും 'ഇൻവെസ്റ്റ് കേരള' എന്ന പദ്ധതി പ്രഖ്യാപിച്ചിരുന്നോ; | (എ) | സംസ്ഥാനത്ത് വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ നൂറ് ദിന കർമ്മ പദ്ധതിയിൽ ‘ഇൻവെസ്റ്റ് കേരള’ എന്ന പദ്ധതി പ്രഖ്യാപിച്ചിരുന്നു. |
| (ബി) | ഈ പദ്ധതിയിലൂടെ എന്തൊക്കെ പ്രോത്സാഹനങ്ങളാണ് നൽകുന്നതെന്ന് അറിയിക്കാമോ; | (ബി) | ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറി ചെയർമാനായും പ്രിൻസിപ്പൻ സെക്രട്ടറി (ഇൻഡസ്ട്രീസ്)- വൈസ് ചെയർമാനായും രൂപീകരിച്ച പ്രത്യേക നിക്ഷേപ പ്രോത്സാഹന ടാസ്ക് ഫോഴ്സിന്റെ ആദ്യ മീറ്റിംഗിൽ ഉയർന്നുവന്ന അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ രൂപീകരിച്ചതാണ് "ഇൻവെസ്റ്റ് കേരള സ്കീം 2020”. സംസ്ഥാനത്ത് വ്യവസായം സുഗമമാക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ട നയപരവും സാമ്പത്തികവുമായ നടപടികളുടെ ഒരു സംക്ഷിപ്ത പദ്ധതിയാണ് ഇൻവെസ്റ്റ് കേരള സ്കീം. സംസ്ഥാനത്തിന്റെ കൺസ്യൂമർ എക്കോണമിയിൽ നിന്നും മാനുഫാക്ചറിംഗ് എക്കോണമിയിലേക്കുള്ള ചുവട് മാറ്റമാണ് പ്രധാനം. ഇതിന്റെ ഭാഗമായി Invest Kerala Call Centre, Investor Facilitation Cell, “Investor Konnect” എന്ന e-NewsLetter തുടങ്ങിയവ ബഹുമാനപ്പെട്ട മുഖ്യമന്ത്രി 2020 September 29-ന് ഉദ്ഘാടനം നിർവഹിച്ചിരുന്നു. സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുക വഴി സംസ്ഥാനത്തിന് വരുമാനവും തൊഴിലവസരങ്ങളും വർദ്ധിപ്പിക്കുക എന്ന നയത്തിന്റെ ഭാഗമായിട്ടാണ് സർക്കാർ ടി പദ്ധതി നടപ്പിലാക്കുന്നത്. ഇതിലൂടെ വ്യവസായികൾക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ, സഹായങ്ങൾ, അനുമതികളെക്കുറിച്ചുള്ള വിവരങ്ങൾ, നിക്ഷേപം നടത്തുവാൻ അനുകൂലമായ മേഖലകൾ തുടങ്ങിയവയെക്കുറിച്ചുള്ള വിവരങ്ങൾ സംരംഭകർക്ക് ലഭ്യമാകുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത കർമ്മ പദ്ധതി നടപ്പിലാക്കിയതിലൂടെ 2020 സെപ്റ്റംബർ 29ന് ശേഷം സംസ്ഥാനത്ത് എത്ര പുതിയ വ്യവസായങ്ങൾക്ക് ലൈസൻസ് നൽകിയെന്ന് വെളിപ്പെടുത്തുമോ? | (സി) | 2020 september 29ന ശേഷം പ്രസ്തുത കർമ്മ പദ്ധതിയായ ഇൻവസ്റ്റ് കേരള എന്ന സംരംഭത്തിന്റെ സഹായത്തോടെയും അല്ലാതെയും KSWIFT പോർട്ടൽ വഴി നാളിതുവരെ (10.01.2021 വരെ) സംരംഭകർ 478 കോമ്മൺ ആപ്പ്ളിക്കേഷൻ ഫോറം സമർപ്പിച്ചതിൽ, ഡീംഡ് ലൈസന്സ് ലഭ്യമാക്കിയത് ഉൾപ്പടെ, 130 അനുമതികൾ/ ലൈസൻസുകൾ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്റ്റിലൂടെ KSWIFT വഴി, 29.09.2020 മുതൽ നാളിതുവരെ (10.01.2021 വരെ) 3429 അപേക്ഷകർ സാക്ഷ്യപത്രം സമർപ്പിച്ച് കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ